പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3032 **29-10-2026-ൽ മറുപടിയ്ക്ക്**

സ്കൂൾ കെട്ടിടത്തിനുവേണ്ടി ഭൂമി കൈമാറ്റം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സർക്കാർ സ്കൂളിന്റെ ഉടമസ്ഥതയിലുള്ള ഭൂമി പുതിയ സ്കൂൾ കെട്ടിട നിർമ്മാണത്തിന് അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടാൽ സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കൂടുതൽ അളവിലും മൂല്യത്തിലുമുള്ള സമാന കാറ്റഗറിയിൽ ഉൾപ്പെട്ട സൗകര്യപ്രദമായ ഭൂമി പരസ്പര കൈമാറ്റത്തിലൂടെ നൽകുവാൻ സന്നദ്ധത അറിയിച്ചാൽ, സർക്കാർ ഭൂമി വിട്ടൊഴിഞ്ഞ് പകരം ഭൂമി സ്വീകരിക്കുവാൻ നിലവിൽ ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

മറുപടി: **അനുവദിക്കുന്നില്ല.**

(ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ മുളക്കുഴ പഞ്ചായത്തിൽ അരീക്കര ഈസ്റ്റ് ജി.എൽ.പി.എസ്. സ്കൂളിന്റെ നിലവിലെ കെട്ടിടം വർഷങ്ങൾക്ക് മുമ്പ് നിലം പതിച്ചതിനാൽ വർഷങ്ങളായി സ്കൂൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും സ്ഥല പരിമിതി ഉള്ളതിനാൽ സർക്കാർ അനുവദിച്ച 1 കോടി രൂപയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ആലപ്പുഴ **അരീക്കര ഈസ്റ്റ് GLPസ്കൂളിന്റെ 15 സെന്റ് സ്ഥലം അരീക്കര പറയരുകാല ദേവസ്വത്തിന്റെ 30 സെന്റ് സ്ഥലവുമായി കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതിക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രപ്പോസൽ ദേവസ്വം വകുപ്പുമായി ചേർന്ന് പരിശോധിച്ചു.**

പ്രസ്തുത അരിക്കര പറയരുകാല ദേവസ്വം വക ക്ഷേത്രം ഒരു സ്വകാര്യ ക്ഷേത്രമാണെന്നും സ്വകാര്യ ക്ഷേത്രങ്ങൾ ദേവസ്വം വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ അല്ലായെന്നതിനാൽ ദേവസ്വം വകുപ്പിൽ നിന്ന് ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയില്ല എന്ന് ദേവസ്വം വകുപ്പ് അറിയിക്കുകയുണ്ടായി. നിലവിലെ ചട്ടങ്ങൾ പ്രകാരം പരസ്പരം ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതി നൽകാൻ സാധിക്കില്ലായെന്നതിനാൽ ഈ വിഷയത്തിൽ സ്വീകരിക്കാവുന്ന മറ്റ് നടപടികൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) സ്കൂൾ കോമ്പൗണ്ടിനോട് ചേർന്നു കിടക്കുന്ന അരീക്കര പറയരുകാല ദേവസ്വം വക 30 സെന്റ് ഭൂമി സ്കൂളിന് വിട്ടു നൽകാമെന്നും അതിനു പകരം സ്കൂൾ വക 15 സെന്റ് ഭൂമി ദേവസ്വത്തിന് നൽകണമെന്ന വ്യവസ്ഥയോടെ ഫയൽ സർക്കാർ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) സർക്കാർ സ്കൂൾ പ്രവർത്തനം നിലച്ചു പോകുന്ന സാഹചര്യം പരിഗണിച്ച് ടി വിഷയത്തിൽ പ്രത്യേക അനുമതി നൽകുന്ന കാര്യം പരിശോധിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ